പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6029

28/10/2011 ൽ മറുപടിക്ക്

## എ.പി.എൽ. വിഭാഗത്തിനുള്ള അരി വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | എ.പി.എൽ. വിഭാഗത്തിന് ഇപ്പോൾ എത്ര കിലോഗ്രാം അരിയാണ് ഓരോ മാസവും അനുവദിക്കുന്നത്; | (എ) | 2011 ഒക്ടോബർ മാസത്തിൽ പരമാവധി 12 കിലോഗ്രം വരെ അരി വിതരണം ചെയ്യുന്നതിനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. |
| (ബി) | ഇതനുസരിച്ച് വൈക്കം മണ്ഡലത്തിലെ റേഷൻ കടകൾക്ക് മുഴുവൻ അരിയും വിതരണത്തിനായി നൽകിയിട്ടുണ്ടോ; | (ബി) & (സി) | വൈക്കം താലൂക്കിലെ റേഷൻകടകൾക്ക് 2011 ഒക്ടോബർ മാസത്തിലെ വിതരണത്തിനായി സബ്സിഡി വിഭാഗത്തിൽപെടാത്ത എ.പി.എൽ. കാർഡുടമകൾക്ക് കുറഞ്ഞത് 9.2 കിലോഗ്രാമും പരമാവധി 12 കിലോഗ്രാമും അരി വിതരണം ചെയ്യത്തക്കവിധം സ്റ്റോക്ക് (നീക്കിയിരിപ്പുൾപ്പെടെ) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എ.പി.എൽ. വിഭാഗത്തിൽപെട്ട സബ്സിഡി കാർഡുടമകൾക്കായി പരമാവധി 11 കിലോഗ്രം അരിയാണ് നീക്കിയിരിപ്പുൾപ്പെടെ ലഭ്യമായിട്ടുള്ളത്. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരിയിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | സാധാരണ അലോട്ട്മെന്റിൽ കുറവു വരുത്തിയിട്ടില്ല. എന്നാൽ 2010 ആഗസ്റ്റ് മുതൽ 2011 ജനുവരി വരെയുള്ള 6 മാസത്തേക്ക് പ്രതിമാസം 16319 മെ.ടൺ അരി അഡ്ഹോക് വിഹിതമായി അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേക്ക് പ്രതിമാസം 15458 മെ.ടൺ അരിയാണ് അഡ്ഹോക് വിഹിതമായി അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.